## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** — **06-12-2022 - ൽ മറുപടിയ്ക്ക്**

## പാറശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കിഫ്‌ബി പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും കില നിർവ്വഹണ ഏജൻസിയായി ഒരു കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചതുമായ ധനുവച്ചപുരം ഗവ: ജി.എച്ച്.എസ്. സ്കൂൾ കെട്ടിട നിർമ്മാണം തുടർന്ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ ഒഴിവാക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | 31.12.2018 ലെ സ.ഉ.(സാ.ധാ.)5503/2018/GEDN പ്രകാരം ഗവ. ജി. എച്ച്. എസ്. എസ് ധനുവച്ചപുരം സ്കൂളിൽ 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ എസ്.പി.വി യായ കൈറ്റ് പ്രസ്തുത സ്കൂളുകളെ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കോഡിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും പ്രസ്തുത ലിസ്റ്റിൽ 5 സ്കൂളുകൾക്ക് പകരം 7 സ്കൂളുകളെ പുതുതായി ഉൾപ്പെടുത്തി ഉത്തരവിൽ ഭേദഗതി വരുത്തണമെന്നാവശ്യപെട്ട് കൈറ്റ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 18.06.2019 ലെ സ.ഉ.(സാ.ധാ.) 2396/2019/GEDN ഉത്തരവ് പ്രകാരമാണ് ഗവ. ജി. എച്ച്. എസ്. എസ് ധനുവച്ചപുരം സ്കൂളിനെ ഒഴിവാക്കിയത്. |
| (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് പാറശാല നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 5 കോടി രൂപയുടെ കിഫ്‌ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ്. മാരായമുട്ടം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 25.01.2020-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 3 കോടി രൂപയുടെ കിഫ്‌ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ് നെയ്യാർ ഡാം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 03.05.2021-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്.<br><br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി **കില** പദ്ധതി നിർവ്വഹണ ഏജൻസിയായി 3 കോടി രൂപയുടെ കിഫ്‌ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.വി.എച്ച്.എസ്.എസ്. ധനുവച്ചപുരം സ്കൂളിന് ധനാനുമതി നൽകാനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ കിഫ്ബിയിൽ നടന്നു വരുന്നു.<br>കില പദ്ധതി നിർവ്വഹണ ഏജൻസിയായി 1 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ 4 സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ കണ്ടാലും.<br><br>1. ജി.എച്ച്.എസ്.എസ് കീഴാറൂർ - കരാറുകാരൻ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനെ കരാറിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് റീ ടെൻഡർ നടപടികൾ കില കൈക്കൊള്ളുന്നതാണ്.<br><br>2. GHSS Mylachal – 1.3 കോടിക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.<br><br>3. NKMHSS ധനുവച്ചപുരം – 1.3 കോടിക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.<br><br>4. GHSS Anavoor – സ്ഥലപരിമിതി കാരണം ബഹു. എം.എൽ.എ-യുടെ സാന്നിധ്യത്തിൽ കൂടിയ പിടിഎ മീറ്റിംഗിൽ എടുത്ത തീരുമാന പ്രകാരം പൂർത്തിയായ മറ്റൊരു കെട്ടിടത്തിനു മുകളിൽ കെട്ടിടം പണിയുന്നതിനുള്ള പ്രപ്പോസൽ കില തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 5 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ്. മാരായമുട്ടം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 25.01.2020-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. കൈറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായി 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.എച്ച്.എസ്.എസ് നെയ്യാർ ഡാം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് 03.05.2021-ന് അധികൃതർക്ക് കൈമാറിയിട്ടുണ്ട്.<br><br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി **കില** പദ്ധതി നിർവ്വഹണ ഏജൻസിയായി |

| | | | |
|---|---|---|---|
| | | | 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ ജി.വി.എച്ച്.എസ്.എസ്. ധനുവച്ചപുരം സ്കൂളിന് ധനാനുമതി നൽകാനുള്ള നടപടികൾ കിഫ്ബിയിൽ നടന്നു വരുന്നു.<br>കില പദ്ധതി നിർവ്വഹണ ഏജൻസിയായി 1 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തിയ 4 സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ കണ്ടാലും.<br><br>1. ജി.എച്ച്.എസ്.എസ് കീഴാറൂർ - കരാറുകാരൻ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനെ കരാറിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് റീ ടെൻഡർ നടപടികൾ കില കൈക്കൊള്ളുന്നതാണ്.<br><br>2. GHSS Mylachal – 1.3 കോടിക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.<br><br>3. NKMHSS ധനുവച്ചപുരം – 1.3 കോടിക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുന്ന നടപടികൾ കിഫ്ബിയിൽ നടന്നുവരുന്നു.<br><br>4. GHSS Anavoor – സ്ഥലപരിമിതി കാരണം ബഹു. എം.എൽ.എ-യുടെ സാന്നിധ്യത്തിൽ കൂടിയ പിടിഎ മീറ്റിംഗിൽ എടുത്ത തീരുമാന പ്രകാരം പൂർത്തിയായ മറ്റൊരു കെട്ടിടത്തിനു മുകളിൽ കെട്ടിടം പണിയുന്നതിനുള്ള പ്രപ്പോസൽ കില തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

473

അനുബന്ധം

| സ്കൂളിന്റെ പേര് | അനുവദിച്ച തുക | നിർവ്വഹണ ഏജൻസി |
|---|---|---|
| ജി.എച്ച്.എസ്.എസ്. മാരായമുട്ടം | ₹5 Cr | കൈറ്റ് |
| ജി.എച്ച്.എസ്.എസ് നെയ്യാർ ഡാം | ₹3 Cr | കൈറ്റ് |
| ജി.വി.എച്ച്.എസ്.എസ്. ധനുവച്ചപുരം | ₹2,97,74,545/- | കില |
| ജി.എച്ച്.എസ്.എസ് കീഴാറ്റൂർ | ₹99,96,462 | കില |
| GHSS Mylachal | ₹99,98,504/- | കില |
| NKMHSS ധനുവച്ചപുരം | ₹99,99,984/- | കില |
| GHSS Anavoor | ₹99,99,235/- | കില |

സെക്ഷൻ ഓഫീസർ